ACTION TODAY - 30-10-2018

കേരള സർക്കാർ

13826/18/HRD

ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്

INSTITUTE OF HUMAN RESOURCES DEVELOPMENT
30 OCT 2018
THIRUVANANTHAPURAM

നം.കെ1/301/2018/ഉ.വി.വ

തിരുവനന്തപുരം
തീയതി: 30/10/2018

## പരിപത്രം

വിഷയം :- ഉന്നത വിദ്യാഭ്യാസ വകുപ്പ് - ആഗോളതലത്തിൽ മലയാളികളെ ഭാഷാടിസ്ഥാനത്തിൽ ഏകോപിപ്പിച്ചുകൊണ്ടുള്ള "ഭൂമി മലയാളം" - 'നവംബർ 1' – ലോകമലയാളദിനാചരണം പദ്ധതിയുടെ ഭാഗമായ ഭാഷാപ്രതിജ്ഞ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. 16.02.2018-ലെ ജി.ഒ.(ആർ.ടി) നം. 90/2018/ഉഭപവ
2.16.10.2018-ലെ ഔ.ഭാ4/34/2018/ഉഭപവ നമ്പർ പരിപത്രം
3. 25.10.2018-ലെ ഇതേ നമ്പർ സർക്കാർ പരിപത്രം

നവംബർ 1-ന് കേരളപ്പിറവി ദിനത്തിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ മലയാള ഭാഷാ പ്രതിജ്ഞ ചൊല്ലണമെന്ന് നിർദ്ദേശിച്ച് സൂചന 3 പ്രകാരം പരിപത്രം പുറപ്പെടുവിച്ചിരുന്നു. എന്നാൽ, സംസ്ഥാനത്തെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ചൊല്ലേണ്ട പ്രതിജ്ഞയെക്കുറിച്ചുള്ള സൂചന 2-ലെ പരിപത്രവും അതു സംബന്ധമായ സൂചന 1-ലെ സർക്കാർ ഉത്തരവും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പുറപ്പെടുവിച്ചിരുന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. പ്രസ്തുത രണ്ട് പരിപത്രങ്ങളും പരസ്പരവിരുദ്ധമാകുമെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ, സൂചന 3 പ്രകാരം പുറപ്പെടുവിച്ച പരിപത്രം ഇതിനാൽ പിൻവലിക്കുന്നു.

മേൽ സാഹചര്യത്തിൽ, ഉന്നത വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, 2018 നവംബർ 1 - കേരളപ്പിറവി ദിനത്തിൽ സൂചന 1 ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള വിധത്തിലുള്ള ഭാഷാ പ്രതിജ്ഞ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച നടപടി വിശദാംശങ്ങൾ അതത് സ്ഥാപനങ്ങളുടെ website -ൽ രേഖപ്പെടുത്തേണ്ടതുമാണ്. സൂചന 1 ലെ സർക്കാർ ഉത്തരവിന്റെയും, സൂചന 2ലെ പരിപത്രത്തിന്റെയും പകർപ്പുകൾ അറിവിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ബിജു. റ്റി
അണ്ടർ സെക്രട്ടറി

(മറുപുറം കണ്ടാലും)

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, പ്രജോ ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
4. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
5. ഡയറക്ടർ. സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള, ആനത്തറ ലെയ്ൻ, ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3
6. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/ കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യുവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.
7. കെ ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ്. തെക്കുംതല, കോട്ടയം-686 585
8. കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE), കോ-ബാങ്ക് ടവേഴ്സ്, ഫസ്റ്റ് ഫ്ലോർ, വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം
9. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (for uploading in Government website)
10. നോഡൽ ഓഫീസർ. വെബ് സൈറ്റ്. ഉന്നത വിദ്യാഭ്യാസ വകുപ്പ്
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**ഇണ്ടാസ് നമ്പർ. ഇഎ1/4680/2010/എച്ച്.ആർ.ഡി** **തീയതി: 31.10.2018**

1. **പകർപ്പ് തുടർനടപ്പടികൾക്കായി എല്ലാ സ്ഥാപനമേധാവികൾക്കും**
2. **കരുതൽ ഫയൽ**
3. **ഓഫീസ് പകർപ്പ്**

**ഒപ്പ്**
**ഡയറക്ടർ**

**അംഗീകാരത്തോടെ**

R. R. Balise

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**ഭരണഭാഷ -മാതൃഭാഷ**

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

നമ്പർ. ഔഭാ4/34/2018/ഉഭപവ.

തിരുവനന്തപുരം,
തീയതി : 16.10.2018

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് - 2018 – ലെ മലയാളദിനാഘോഷവും ഭരണഭാഷാവാരാഘോഷവും - സംബന്ധിച്ച്.

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിതലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. അതിന്റെ ഭാഗമായി എല്ലാ വർഷവും നവംബർ 1 മലയാളദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരമായും ആഘോഷിക്കുന്നതു സംബന്ധിച്ച് 18.03.2002 – ൽ സ.ഉ (അച്ചടിച്ചത്) നം. 31/2002/ഉഭപവ പുറപ്പെടുവിക്കുകയുണ്ടായി. ഇക്കാലയളവിൽ ഭരണഭാഷാമാറ്റത്തിന് ഉതകുംവിധമുള്ള ചർച്ചകളും സെമിനാറുകളുംമറ്റും സംസ്ഥാന – ജില്ലാ - താലൂക്ക് - പഞ്ചായത്തുതലങ്ങളിൽ സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിക്കൊണ്ട് 02.05.2002-ാം തീയതി സ.ഉ (അച്ചടിച്ചത്) നമ്പർ 20/2002/ഉഭപവ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ പരിധിയിൽനിന്ന് ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ എന്നിവയും മറ്റു ഭാഷകളും മാതൃഭാഷകളായിട്ടുള്ള വിദ്യാർത്ഥികളെ ഒഴിവാക്കിയിട്ടുണ്ട്.

സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ഭരണവകുപ്പുകളിലും സ്ഥാപനങ്ങളിലും മേൽപ്പറഞ്ഞ ഉത്തരവുകളുടെ വെളിച്ചത്തിൽ കേരളത്തിന്റെ 62-ാം വാർഷികവേളയായ ഈ വർഷവും പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. എന്നാൽ അപ്രതീക്ഷിതമായി കേരളത്തിനുണ്ടായ പ്രളയദുരിതസാഹചര്യം കണക്കിലെടുത്ത് ഈ വർഷം വിപുലമായ ആഘോഷപരിപാടികൾ ഒഴിവാക്കേണ്ടതാണ്.

2018 നവംബർ 1-ാം തീയതി എല്ലാ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും എല്ലാ ഓഫീസുകളിലും ഓഫീസ് തലവന്റെ അദ്ധ്യക്ഷതയിൽ ഭരണഭാഷാസമ്മേളനം സംഘടിപ്പിക്കേണ്ടതും താഴെച്ചേർത്തിട്ടുള്ള ഭരണഭാഷാപ്രതിജ്ഞ ഉദ്യോഗസ്ഥർക്ക് ഓഫീസ് തലവൻ ചൊല്ലിക്കൊടുക്കേണ്ടതുമാണ്.

### ഭരണഭാഷാപ്രതിജ്ഞ

***"മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാളഭാഷയെയും കേരളസംസ്കാരത്തെയും ഞാൻ ആദരിക്കുന്നു. ഭരണനിർവഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവത്രികമാക്കുന്നതിന് എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും".***

സ്കൂളുകളിൽ നവംബർ 1-ന് ചേരുന്ന അസംബ്ലിയിൽ മലയാളം മാതൃഭാഷയായിട്ടുള്ള അധ്യാപകരും വിദ്യാർത്ഥികളും താഴെച്ചേർത്തിട്ടുള്ള പ്രതിജ്ഞ എടുക്കേണ്ടതാണ്.

"മലയാളമാണ് എന്റെ ഭാഷ
എന്റെ ഭാഷ എന്റെ വീടാണ്.
എന്റെ ആകാശമാണ്.
ഞാൻ കാണുന്ന നക്ഷത്രമാണ്.
എന്നെത്തഴുകുന്ന കാറ്റാണ്.
എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്.
എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്.
ഏതുനാട്ടിലെത്തിയാലും ഞാൻ സ്വപ്നംകാണുന്നത്
എന്റെ ഭാഷയിലാണ്.
എന്റെ ഭാഷ ഞാൻതന്നെയാണ്."

മലയാളദിനാഘോഷവും ഭരണഭാഷാവാരാഘോഷവും സംബന്ധിച്ച് കീഴ്ഓഫീസുകളിൽ സംഘടിപ്പിക്കുന്ന പരിപാടികളുടെ വിവരങ്ങൾ സമാഹരിച്ച് വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി എല്ലാ വകുപ്പുതലവൻമാരും നവംബർ 30- നു മുൻപ് ഔദ്യോഗികഭാഷാവകുപ്പു സെക്രട്ടറിക്ക് അയക്കേണ്ടതാണ്.

എസ്.മുഹമ്മദ് ഇസ്മായിൽ കുഞ്ഞ്
അഡീഷണൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറിമാർ
എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ വകുപ്പുതലവൻമാർക്കും ഓഫീസുകൾക്കും
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാസമിതി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
സെക്രട്ടറി,കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
എല്ലാ കമ്മിഷനുകൾക്കും
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും
(ആമുഖക്കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ/ വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടർ/ കോളേജ് വിദ്യാഭ്യാസഡയറക്ടർ /മെഡിക്കൽ വിദ്യാഭ്യാസഡയറക്ടർ / സാങ്കേതിക വിദ്യാഭ്യാസഡയറക്ടർ / ഹയർ സെക്കൻഡറി ഡയറക്ടർ.
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പ്രസിദ്ധീകരണത്തിന്)
സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/ അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ തലവൻമാർക്ക്.

ഉത്തരവിൻപ്രകാരം

Hayasalini K.S

സെക്ഷൻ ഓഫീസർ

**കേരളസർക്കാർ**

സംഗ്രഹം

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് - ശ്രീ.എം.ടി.വാസുദേവൻനായർ മലയാളം പള്ളിക്കൂടത്തിലെ കുട്ടികൾക്കായി എഴുതി നൽകിയ പ്രതിജ്ഞ കേരളത്തിലെ വിദ്യാലയങ്ങളിലെ ഭാഷാപ്രതിജ്ഞയായി അംഗീകരിച്ച് . ഉത്തരവു പുറപ്പെടുവിക്കുന്നു.

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

**സ.ഉ.(സാധാ) നം.90/2018/ഉഭപവ. തിരുവനന്തപുരം, തീയതി 16.02.2018**

പരാമർശം: 1) 2.5.2002-ലെ സ.ഉ.(അച്ചടിച്ചത്) നമ്പർ.20/2002/ഉഭപവ.
2) 04.10.2017-ൽ പ്രൊഫ.വി.മധുസൂദനൻനായർ സർക്കാരിന് സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

മലയാളം പള്ളിക്കൂടത്തിലെ കുട്ടികൾക്കായി ശ്രീ.എം.ടി.വാസുദേവൻനായർ എഴുതി നൽകിയ പ്രതിജ്ഞ മാതൃഭാഷയുടെ വൈകാരികത ഉൾക്കൊള്ളുന്നതും, ധ്വനിസാന്ദ്രവും മതനിരപേക്ഷവുമായതിനാൽ കേരളത്തിന്റെ ഭാഷാപ്രതിജ്ഞയായി അംഗീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം പ്രൊഫ. വി.മധുസൂദനൻ നായർ സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)- പ്രകാരം വിദ്യാലയങ്ങളിൽ ചൊല്ലിക്കൊടുക്കുന്ന പ്രതിജ്ഞ ഒഴിവാക്കി, പകരം ശ്രീ.എം.ടി.വാസുദേവൻനായർ എഴുതിയ താഴെക്കൊടുത്തിരിക്കുന്ന പ്രതിജ്ഞ കേരളത്തിലെ വിദ്യാലയങ്ങളിലെ ഭാഷാപ്രതിജ്ഞയായി അംഗീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും ഭാഷാ- സാംസ്കാരിക പരിപാടികളിൽ താഴെക്കൊടുത്തിരിക്കുന്ന പ്രതിജ്ഞ ചൊല്ലിക്കൊടുക്കേണ്ടതാണ്:

" മലയാളമാണ് എന്റെ ഭാഷ.
എന്റെ ഭാഷ എന്റെ വീടാണ്
എന്റെ ആകാശമാണ്
ഞാൻ കാണുന്ന നക്ഷത്രമാണ്
എന്നെ തഴുകുന്ന കാറ്റാണ്
എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്
എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്
ഏതുനാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത്
എന്റെ ഭാഷയിലാണ്
എന്റെ ഭാഷ ഞാൻതന്നെയാണ്."

കേരളത്തിലെ ഭരണഭാഷാപരിപാടികളിലും നവംബർ ഒന്നിനും ചൊല്ലിക്കൊടുക്കുന്ന നിലവിലുള്ള ഭരണഭാഷാപ്രതിജ്ഞ മാറ്റങ്ങളില്ലാതെ ഉപയോഗിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,)

**എസ്.മുഹമ്മദ് ഇസ്മയിൽ കുഞ്ഞ്.**

**ജോയിന്റ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/
സ്പെഷ്യൽ സെക്രട്ടറിമാർ/വകുപ്പുതലവന്മാർ/ജില്ലാ കളക്ടർമാർ.

സർക്കാർ നിയന്ത്രണത്തിലുള്ള എല്ലാ പൊതുമേഖല/
അർദ്ധ സർക്കാർ/സ്വയംഭരണ/സഹകരണ സ്ഥാപനങ്ങളുടെ തലവന്മാർ

സെക്രട്ടേറിയറ്റിലെ നിയമം/ധനകാര്യം ഉൾപ്പെടെ എല്ലാ സെക്ഷനുകൾക്കും

പൊതുഭരണ (എസ്.സി) വകുപ്പ്

ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)

ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ